## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 556** **04.07.2019 -ൽ മറുപടിയ്ക്ക്**

### സ്കൂളുകളിലെ സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി

ചോദ്യം

**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ. സി. ദിവാകരൻ**
**ശ്രീ. ആർ. രാമചന്ദ്രൻ**
**ശ്രീമതി സി.കെ. ആശ**

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് നിലവിൽ ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളും,സർക്കാർ അംഗീകൃത പ്രീപ്രൈമറി , മൾട്ടി ഗ്രേഡ് ലേണിംഗ് സെൻറർ (എം.ജി.എൽ.സി, ) സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ സ്കൂൾ പ്രവർത്തി ദിനവും പോഷകപ്രദവും ഗുണമേന്മയുള്ളതുമായ ഉച്ചഭക്ഷണം നൽകിവരുന്നു. ഉച്ചഭക്ഷണ മെനു നിശ്ചയിക്കുന്നത് അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികളാണ്. ഉച്ചഭക്ഷണത്തിന്കുട്ടികൾക്ക് ചോറും അതോടൊപ്പം ഏറ്റവും കുറഞ്ഞത് രണ്ട് കറികളും (ഇല വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി, പയർ വർഗ്ഗങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് തയ്യാറാക്കുന്ന) നൽകുന്നു.

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭക്ഷ്യധാന്യം (അരി) എഫ്.സി.ഐ മുഖാന്തിരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിന് സംസ്ഥാന തലത്തിൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ സ്റ്റേറ്റ് സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും പദ്ധതിയുടെ നടത്തിപ്പിനായി ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ടി കമ്മറ്റികൾക്കാണ്.

കുട്ടികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ മൈക്രോബയോളജി പരിശോധനയ്ക്ക് വിധേയമാക്കുന്നു.

വിവിധ തലങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുമായി വെബ്സൈറ്റ് കം സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. 2019-20 വർഷം 12335 സ്കൂളുകളിലെ ഇരുപത്തിയാറ് ലക്ഷം വിദ്യാർത്ഥികൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബി) ആരോഗ്യ പോഷകാഹാര പരിപാടി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ബി) നിരന്തരമായ പരിഷ്കരണത്തിന് വിധേയമായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

സി) പ്രസ്തുത പരിപാടിയുടെ ചുമതല പ്രഥമ അദ്ധ്യാപകരിൽ നിന്ന് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

സി) പരിഗണനയിലില്ല

ഡി) സ്കൂളുകളിലെ ഉച്ചഭക്ഷണ സംവിധാനത്തിൽ കൃത്യത ഉറപ്പാക്കുന്നതിനും ഇത് കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

ഡി) കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിന് " Automated Monitoring System (AMS) "നടപ്പിലാക്കി. ഇതിന്റെ ഫലമായി സ്കൂൾ പ്രവർത്തി ദിവസം ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം (ആൺകുട്ടികൾ, പെൺകുട്ടികൾ എന്നിങ്ങനെ വേർതിരിച്ച്) അന്നേ ദിവസം ഉച്ചയ്ക്കു 2 മണിയ്ക്കു മുൻപായി ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ ലഭ്യമാകുന്നു.

സ്കൂൾ ഉച്ചഭക്ഷണ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും വിവിധ തലങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി വെബ്സൈറ്റ് കം സോഫ്റ്റ്വെയർ വികസിപ്പിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്കൂളുകളിൽ എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും രജിസ്റ്ററുകൾ മിക്കവയും ഡിജിറ്റൽ രൂപത്തിലാക്കുകയും ചെയ്തു. ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മറ്റികൾ രൂപികരിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ അദ്ധ്യാപക - രക്ഷാകർതൃ പങ്കാളിത്തവും സർവ്വോപരി പൊതുസമൂഹത്തിന്റെ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി സ്കൂൾതല ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിക്കുകയും പദ്ധതി നടത്തിപ്പും മേൽനോട്ടവും പ്രസ്തുത കമ്മറ്റികളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനം നിരന്തരം നിരീക്ഷിക്കുന്നതിനും സ്കൂൾതല പരിശോധനകൾ കൃത്യമായി നടത്തുന്നതിനുമായി ഓരോ ഉപജില്ലയിലും ഒരു നൂൺമീൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

ഇ) ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

ഇ) ഇത് സംബന്ധിച്ച് കർശനമായ നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. പലവ്യഞ്ജനങ്ങൾ, കഴിവതും സർക്കാർ ഏജൻസികളുടെ ഔട്ട്ലെറ്റുകളിൽ നിന്നും (മാവേലിസ്റ്റോർ, ലാഭം, സപ്ലൈകോ സൂപ്പർ/ഹൈപ്പർ മാർക്കറ്റ്, ത്രിവേണി, നീതി സ്റ്റോർ, നന്മ സ്റ്റോർ എന്നിവ) വാങ്ങുവാനും ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും ഉപയോഗിക്കുവാനും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉച്ചഭക്ഷണത്തിന്റേയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ

| | | | |
|---|---|---|---|
| | | | ശേഖരിച്ച് NABL അക്രഡിറ്റേഷനുള്ള ലബോറട്ടറിയിൽ പരിശോധിപ്പിക്കുന്ന സംവിധാനം 2018 ഫെബ്രുവരി മുതൽ നടപ്പിലാക്കി. ഭക്ഷണത്തിന്റെ ഗുണമേന്മ, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിന് ഇത്തരത്തിലുള്ള പരിശോധനകൾ സഹായിക്കുന്നു. എഫ്.സി.ഐ, സപ്ലൈകോ എന്നീ ഏജൻസികളുമായി നിരന്തരം ബന്ധപ്പെട്ട് ഗുണമേന്മയുള്ള ഭക്ഷ്യധാന്യം സ്കൂളുകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| എഫ്) | പോഷകഗുണമുള്ള ആഹാരം കുട്ടികൾക്ക് നല്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | എഫ്) | പോഷകസമൃദ്ധവും ഗുണമേന്മയുള്ളതുമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഭക്ഷണത്തിന്റെ വൈവിധ്യം ഉറപ്പാക്കികൊണ്ടുവേണം പ്രതിദിന ഉച്ചഭക്ഷണ മെനു നിശ്ചയിക്കേണ്ടതെന്നും ഭക്ഷണത്തിൽ നിന്നും കുട്ടികൾക്ക് ലഭിക്കേണ്ട കലോറിമൂല്യം, പ്രോട്ടീൻ എന്നിവ ലഭിക്കത്തക്ക വിധത്തിലുള്ള ഭക്ഷണ സാധനങ്ങൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നും പ്രഥമാദ്ധ്യാപകർക്കും സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട് .ഉച്ചഭക്ഷണത്തോടൊപ്പം പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് തയ്യാറാക്കിയ പോഷക സമ്പുഷ്ടമായ രണ്ട് കറികളെങ്കിലും ഏറ്റവും കുറഞ്ഞത് നൽകണമെന്ന് കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.കുട്ടികളിലെ പോഷകാഹാരകുറവ് പരിഹരിക്കുക എന്ന ഉദ്ദേശത്തോടെ ഉച്ചഭക്ഷണത്തോടൊപ്പം ആഴ്ചയിൽ രണ്ട് പ്രാവശ്യം പാലും(150 മി.ലി. വീതം) ഒരു പ്രാവശ്യം പുഴുങ്ങിയ മുട്ടയും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ